<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പതിനെട്ടാം സമ്മേളനം**</u>

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1874 | 11.02.2020- ൽ മറുപടിക്ക് |
|---|---|

<u>**റീബിൽഡ് കേരളയുടെ ധനശേഖരണാർത്ഥമുള്ള വിദേശ സന്ദർശനം**</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | റീബിൽഡ് കേരളയുടെ ധനശേഖരണാർത്ഥം മുഖ്യമന്ത്രി യു.എ.ഇ. സന്ദർശനം നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ), (ബി) & (സി) | പ്രളയാനന്തര കേരളത്തിന്റെ പുനർനിർമാണം സംബന്ധിച്ച ചർച്ചകൾക്കും ആയതിന് വിദേശ മലയാളികൾ ഉൾപ്പെടെയുള്ളവരുടെ സാമ്പത്തിക-സാങ്കേതിക സഹായസഹകരണങ്ങൾ (ക്രൗഡ് ഫണ്ടിങ് ഉൾപ്പെടെ) അഭ്യർഥിക്കുന്നതിനുമായി മുഖ്യമന്ത്രി യു.എ.ഇ. സന്ദർശിച്ചിരുന്നു.<br>2018 ഒക്ടോബർ 16 മുതൽ 21 വരെ നടത്തിയ പ്രസ്തുത സന്ദർശനത്തിൽ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഖ്യമന്ത്രിയെ അനുഗമിച്ചു.<br>പ്രളയാനന്തര പുനർനിർമാണത്തിനായുള്ള (ക്രൗഡ് ഫണ്ടിങ് ഉൾപ്പെടെ) സാമ്പത്തിക സഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കാണ് ലഭിക്കുന്നത്. |
| (ബി) | എങ്കിൽ എന്നൊക്കെ യായിരുന്നു സന്ദർശനമെന്നും ആരൊക്കെ അദ്ദേഹത്തെ അനുഗമിച്ചുവെന്നും വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത യാത്രയുടെ ഫലമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് ഗൾഫ് രാജ്യങ്ങളിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**